**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2311** **01-09-2022 - ൽ മറുപടിയ്ക്ക്**

**ലഹരി മാഫിയകളുടെ പ്രവർത്തനം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ലഹരി മാഫിയയ്ക്ക് എതിരെ കർശന നടപടി സ്വീകരിക്കാൻ ഏതെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; | (എ) | ലഹരി മാഫിയയ്ക്ക് എതിരെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ഇതിന്റെ ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സുകളുടെ നേതൃത്വത്തിൽ എല്ലാ പ്രധാന റോഡുകളിലും, മറ്റ് സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലകളിൽ ബോർഡർ പട്രോളിങ്ങും, വാഹന പരിശോധനയും നടത്തി വരുന്നു. ജില്ലാ ആസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിച്ചു വരുന്ന കൺട്രോൾ റൂമിൽ ലഭിക്കുന്ന പരാതികൾ പരിശോധിച്ച് സത്വരനടപടികൾ സ്വീകരിക്കുന്നു. ലഹരി വസ്തുക്കളുടെ കടത്ത്, വിതരണം എന്നിവ തടയുന്നതിനായി ജില്ലകളിൽ എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് പ്രവർത്തിച്ചുവരുന്നു. ട്രെയിൻ മാർഗ്ഗമുള്ള ലഹരി മരുന്നുകളുടെ കടത്ത് തടയുന്നതിനായി ആർ.പി.എഫുമായും, തീരദേശ മേഖലയിൽ തീരദേശ പോലീസ് സേനയുമായും ചേർന്ന് പരിശോധനകളും, പട്രോളിംഗും നടത്തിവരുന്നു. |
| (ബി) | വിദ്യാലയങ്ങൾ, കോളേജുകൾ കേന്ദ്രീകരിച്ച് ലഹരി മാഫിയുടെ പ്രവർത്തനം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | വിദ്യാലയങ്ങൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് ലഹരി മാഫിയയുടെ പ്രവർത്തനം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കുട്ടികളിലെ ലഹരി ഉപയോഗം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ ഇതിന് എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) | സ്കൂൾ/കോളേജ് തലത്തിൽ ലഹരി വസ്തുക്കളുടെ ഉപയോഗം ഇല്ലാതാക്കുന്നതിനായി പൊതുസമൂഹത്തിലും വിദ്യാലയങ്ങളിലും വിമുക്തിയുടെ നേതൃത്വത്തിൽ വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. ഇത് കൂടാതെ ലഹരി വിരുദ്ധ ബോധവൽക്കരണ |

| | | | | |
|---|---|---|---|---|
| | | | | പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ, വിവിധ മത്സരങ്ങൾ, വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്ത ഉണർത്തുന്ന മറ്റ് പരിപാടികൾ എന്നിവ സംഘടിപ്പിച്ചുവരുന്നു.<br><br>അധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിലെ തിരിച്ചറിഞ്ഞ് കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെകുറിച്ച് കുട്ടികളെ ബോധവൽക്കരിച്ച് ലഹരിയിൽ നിന്നും സ്വയം സംരക്ഷണം തീർക്കുന്നതിനുള്ള കഴിവ് വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനായി, വിദ്യാർത്ഥികളിലെ കായികപരവും കലാപരവുമായ കഴിവുകളെ പരിപോഷിപ്പിച്ച് അവരുടെ കർമ്മശേഷിയെ മറ്റു മേഖലകളിൽ കൂടി വിനിയോഗിക്കുന്നതിനായി "ഉണർവ്വ്" എന്ന ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ട്.<br><br>സ്കൂളുകളുടെയും കോളേജുകളുടേയും പരിസരങ്ങളിൽ രഹസ്യ നിരീക്ഷണം നടത്തുന്നതോടൊപ്പം ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനവും നടത്തിവരുന്നു. എക്സൈസ് ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, പി.റ്റി.എ. അംഗങ്ങൾ, വിദ്യാർത്ഥി പ്രതിനിധികൾ എന്നിവരടങ്ങിയ വിമുക്തി ക്ലബ്ബ് സ്കൂൾ, കോളേജ് തലത്തിൽ പ്രവർത്തിച്ചുവരുന്നു. പ്രൊഫഷണൽ കോളേജുകളിലും, ഹോസ്റ്റലുകളിലും ‘ശ്രദ്ധ’, ‘നേർക്കൂട്ടം’ പദ്ധതികളുടെ ഭാഗമായി ലഹരി വിരുദ്ധ ബോധവൽക്കരണം നടത്തിവരുന്നു. തദ്ദേശ സ്വയംഭരണ അംഗങ്ങളെയും പൊതുജനങ്ങളെയും കുടുംബശ്രീ അംഗങ്ങളെയും ഉൾപ്പെടുത്തി വാർഡ് തല പ്രവർത്തനങ്ങളും നടത്തി വരുന്നു. ലഹരിയെക്കുറിച്ചുള്ള പരാതികൾ എക്സൈസ് വകുപ്പിനെ ടെലഫോൺ മുഖേനയും, വാട്സ് ആപ്പ് മുഖേനയും അറിയിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ